**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5382 — 28.07.2015-ലെ മറുപടിക്ക്

**ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ<br>**ശ്രീ. ആർ. സെൽവരാജ്**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. വി. ഡി. സതീശൻ** | | ശ്രീ. കെ.സി. ജോസഫ്.<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** | |
| (എ) | **ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് കർമ്മപദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ;** | (എ) | **ഉണ്ട്.** |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിച്ചത് ; | (ബി | **കൂടുതൽ ക്ഷീരകർഷകരെ ക്ഷീരസഹകരണ മേഖലയിലേയ്ക്ക് കൊണ്ടുവരിക, ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉണ്ടാക്കുക, സംഭരണവും വിപണനവും മെച്ചപ്പെടുത്തുക, ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന ഗുണനിലവാരം കൈവരിക്കുക, സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക, ഗ്രാമവിവരകേന്ദ്രങ്ങളായി ക്ഷീര-സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ്** പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.<br>മിൽമ നടപ്പാക്കുന്ന പദ്ധതികൾ മുഖേന , **സംഘങ്ങളുടെ കാര്യക്ഷമതയും ശാക്തീകരണവും വർദ്ധിപ്പിക്കുക, സംഘങ്ങൾക്ക് ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ മെഷീനുകൾ നൽകുക, ക്ഷീരകർഷകർക്ക് അവർ നല്കിയ പാലിന്റെ** ഗുണനിലവാരവും പാൽ വിലയും ഉടൻ തന്നെ **അറിയുവാൻ സാധ്യമാക്കുക തുടങ്ങിയവ ലക്ഷ്യമിടുന്നു.** |
| (സി) | **ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?** | (സി) | **ഇതിനായി വകുപ്പ് വിവിധ പദ്ധതികൾ തയ്യാറാക്കി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുകയും, ജില്ലാ/ യൂണിറ്റുതല ഓഫീസുകൾ മുഖേന ടി പദ്ധതികൾ** നടപ്പിലാക്കി വരികയും ചെയ്യുന്നു.<br>**മിൽമയുടെ മേഖലാ യൂണിയനുകൾ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംഘങ്ങളുടെ നവീകരണത്തിന് ആവശ്യമായ സഹായങ്ങൾ നല്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.** |

**സെക്ഷൻ ഓഫീസർ**